Draft #1 of File 23076/AC A1-1/2020/ACAD (PART-VI) Approved by DEPUTY REGISTRAR I (ACADEMIC) on 17-Dec-2020 02:09 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2020-21 അദ്ധ്യയന വർഷം - ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകളുടെ നാമകരണം എകികരിക്കുന്നതിനും ആയത് പ്രകാരം 2020-21 അദ്ധ്യായന വർഷം പ്രവേശനം ആരംഭിക്കുവാനും പുനഃനാമകരണം ചെയ്ത പ്രോഗ്രാമുകളുടെ പട്ടിക അംഗീകാരത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിലേക്ക് സമർപ്പിക്കുവാനും ശിപാർശ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5895/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.12.2020

---

*പരാമർശം:*-1. സർക്കാർ ഉത്തരവ് നം. G.O(Ms) No. 389/2020/ഉ.വി.വ. തീയതി. 05.11.2020

2. സർവ്വകലാശാല ഉത്തരവ് നമ്പർ 5773/ACA1/2020/എം.ജി.യു തീയതി :05.12.2020

3. 14.12.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി- അഫിലിയേഷൻ& അപ്പ്രൂവലിന്റെ മിനിറ്റ്സ് ഇനംനം.OA 1.

4. വൈസ്- ചാൻസിലറുടെ 16.12.2020 തീയതിയിലെ ഉത്തരവ്

**ഉത്തരവ്**

2020-21 അദ്ധ്യയന വർഷത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ്& സയൻസ്/ഗവൺമെൻറ് കോളേജുകളിലേക്ക് പരാമർശം (1) പ്രകാരം അനുവദിക്കപ്പെട്ട പ്രോഗ്രാമുകൾക്ക് പരാമർശം (2) പ്രകാരം സർവ്വകലാശാല അഫിലിയേഷൻ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ അഫിലിയേഷൻ നൽകപ്പെട്ട ചില പ്രോഗ്രാമുകളുടെ നാമകരണം സംബന്ധിച്ച ചില മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ടി വിഷയം പരിഗണിച്ച സിൻഡിക്കേറ്റ് ഉപസമിതി - അഫിലിയേഷൻ & അപ്പ്രൂവലൽ, പരാമർശം (3) പ്രകാരം, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ്/സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലേയ്ക്ക് സർക്കാർ ഉത്തരവ് നം389/2020ഉ.വിവ 05.11.2020 പ്രകാരം അനുവദിക്കപ്പെട്ട പ്രോഗ്രാമുകൾക്ക് സർവകലാശാല ഉത്തരവ് നം 5773/എസിഎ1/2020/എം.ജി.യു. തീയതി 05.12.2020 പ്രകാരം അഫിലിയേഷൻ നല്കുകയുണ്ടായെങ്കിലും ഒരേ സ്കീമും സിലബസും ആവശ്യമായതും ഒരേ തരത്തിലുള്ളതുമായ ചില പ്രോഗ്രാമുകളുടെ നാമകരണം വിവിധ തരത്തിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; ഇപ്രകാരം ഒരേ പ്രോഗ്രാമിനു വിവിധ കോളേജുകളിൽ വിവിധ പേര് നൽകുന്നതു പ്രവേശത്തിനേയും തുടർന്ന് പരീക്ഷ നടത്തിപ്പിനേയും ഡിഗ്രി സർട്ടിഫിക്കറ്റ് നല്കുന്നതിനേയും വിവിധ തരത്തിൽ ബാധിച്ചേക്കാം എന്നതിനാലും താഴെപറയുന്ന പ്രോഗ്രാമുകളുടെ നാമകരണം താഴെപ്പറയും പ്രകാരം ഏകീകരിക്കുന്നതിനും ആയതു പ്രകാരം 2020-21 അധ്യയന വർഷത്തെ പ്രവേശനം ആരംഭിക്കുന്നതിനും ശിപാർശ ചെയ്തു. പുനർനാമകരണം ചെയ്ത പ്രോഗ്രാമുകളുടെ പട്ടിക അംഗീകാരത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അടിയന്തിരമായി സമർപ്പിക്കുന്നതിനും

ശിപാർശ ചെയ്തു.

| Sl. No. | College | Programme & nomenclature as given in the G O (MS) No. 389/2020/H Edn dated 05/11/2020 | Revised Nomenclature |
|---|---|---|---|
| 1. | Government College, Kattappana | Integrated Programme in English | Integrated MA Programme in Languages –English |
| 2. | Catholicate College, Pathanamthitta | Integrated MA English | Integrated MA Programme in Languages –English |
| 3. | MES College,Marampally | Integrated MSc Chemistry | Integrated MSc Programme in Basic Sciences- Chemistry |

പരാമർശം (3) പ്രകാരമുള്ള ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് അംഗീകരിച്ചുകൊണ്ട് പരാമർശം (4) പ്രകാരം വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

ഡെപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾ/മാനേജർ

Draft #1 of File 23076/AC A1-1/2020/ACAD (PART-VI) Approved by DEPUTY REGISTRAR I (ACADEMIC) on 17-Dec-2020 02:09 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

2. വിസി/പിവിസി എന്നിവരുടെ പിഎസ് മാർ

3. രജിസ്ട്രാർ/എഫ് ഒ/സി .ഇ എന്നിവരുടെ പി എ മാർ

4. എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്/പരീക്ഷ)

5. എസി എ 5,എസി എ 6,എസി എ 8,എസി എ 9,എസി എ 12

6 . എസിസി1/എസിസി2/എ റ്റി ആർ /CITAD

7. കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ

8. കരുതൽ ഫയൽ/റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 23076/AC A1-1/2020/ACAD (PART-VI) Approved by DEPUTY REGISTRAR I (ACADEMIC) on 17-Dec-2020 02:09 PM - Page 3